## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3684

19/02/2013 - ൽ മറുപടിക്ക്

## നാടൻ മത്സ്യ ഇനങ്ങളുടെ വംശനാശം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) നാടൻ മത്സ്യ ഇനങ്ങളുടെ വംശവർദ്ധനക്കായി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ; | എ) | നാടൻ മത്സ്യ ഇനങ്ങളുടെ വംശവർദ്ധനയ്ക്കായി ഫിർമ (സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി) മുഖേന മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇരിട്ടിപ്പുഴ, ശാസ്താംകോട്ട കായൽ, പെരിയാർ, പമ്പയാർ, ചാലിയാർ, നീലേശ്വരം നദി എന്നിവിടങ്ങളിൽ മത്സ്യ സങ്കേതം സ്ഥാപിച്ചിട്ടുണ്ട്. 13-ാം ധനകാര്യക്കമ്മീഷൻ - കുട്ടനാട് പാക്കേജ് പ്രകാരം കുട്ടനാട് ഏരിയയിൽ 2 മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) വംശനാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന നാടൻമത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ; | ബി) | നാടൻ മത്സ്യഇനങ്ങളായ വരാൽ, മുഷി, എന്നിവയുടെ വംശവർദ്ധനവിനായി ഹാച്ചറി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| സി) ഇതിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ എവിടെയെല്ലാമാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | വംശനാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന നാടൻ മത്സ്യയിനങ്ങളെക്കുറിച്ചുള്ള പഠന/ഗവേഷണ പ്രവർത്തനങ്ങൾ ഫിർമയാണ് ഫിഷറീസ് വകുപ്പിൽ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ.